# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com    വെബ്സൈറ്റ്: www keralasahityaakademi.org


01.08.2017

**പത്രക്കുറിപ്പ്:**

## ഭക്തിഭാവജനകം മാത്രമല്ല രാമായണം

### പ്രൊഫ.എം.കെ.സാനു

രാമായണം കേവലം ഭക്തിഭാവജനകമല്ലെന്നും മഹത്തായ മൂല്യങ്ങളിലേയ്ക്ക് മനുഷ്യസമൂഹത്തെ ഉണർത്തിയ മഹാകാവ്യമാണെന്നും പ്രൊഫ.എം.കെ.സാനു പറഞ്ഞു. കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുന്ന രാമായണപ്രഭാഷണപരമ്പരയുടെ രണ്ടാം ദിനത്തിൽ *രാമായണത്തിലെ ധർമ്മവിവക്ഷകൾ* എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭക്തിഭാവത്തെയും സൗന്ദര്യാനുഭൂതിയെയും രാമായണം സമന്വയിപ്പിച്ചു. സാധാരണജനതയുടെ സൗന്ദര്യാരാധനാശക്തിയെ ഉജ്വലിപ്പിച്ചതിലൂടെ രാമായണം വലിയ സാമൂഹ്യമാറ്റങ്ങൾക്ക് പ്രേരണയായി. പൗരോഹിത്യത്തിന്റെ കാപട്യങ്ങളിൽനിന്ന് ഭക്തരെ വിമോചിപ്പിച്ചു. വേദാന്തതത്ത്വങ്ങളും സദാചാരപ്രബോധനങ്ങളും വായനക്കാരെ ലളിതമായി പഠിപ്പിച്ചു. നിരക്ഷരരെയും സഹൃദയരാക്കി മാറ്റിയതിലൂടെ മാനവികമൂല്യങ്ങളിലേയ്ക്ക് അവരെ കൈപിടിച്ചുയർത്തി. എങ്ങനെ നല്ല മനുഷ്യരാകാം എന്നതിന് രാമൻ എന്ന ബിംബം കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് രാമായണം നടത്തിയത്. മനസ്സിലെ ധാർമ്മികത ഉണർത്തിയും അനിർവ്വചനീയമായ സൗന്ദര്യാനുഭൂതിയിലേക്ക് നയിച്ചും രാമായണം കാലാതീതമായി നിലകൊള്ളുമെന്നും എം.കെ.സാനു പറഞ്ഞു.

അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജ മുംതാസ് അധ്യക്ഷത വഹിച്ചു. ഡോ.സി.രാവുണ്ണി സ്വാഗതവും വി.എൻ.അശോകൻ നന്ദിയും പറഞ്ഞു. രാമായണപ്രഭാഷണപരമ്പരയിലെ മൂന്നാം പ്രഭാഷണം *രാമായണത്തിന്റെ ബഹുസ്വരജീവിതം* എന്ന വിഷയത്തിൽ ഡോ.സുനിൽ പി. ഇളയിടം നാളെ നിർവ്വഹിക്കും. ആലങ്കോട് ലീലാകൃഷ്ണൻ അധ്യക്ഷതവഹിക്കുന്ന ചടങ്ങിൽ അക്കാദമി പ്രസിഡണ്ട് വൈശാഖൻ സമാപനപ്രഭാഷണം നടത്തും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM